# തൂലിക

Newsletter of
Jesus Youth
*Dubai*

Issue 416
13 February 2015



ഞാൻ നിഗൂഢതയിൽ ഉരുവാക്കപ്പെടുകയും ഭൂമിയുടെ അധോഭാഗങ്ങളിൽവച്ചു സൂക്ഷ്മതയോടെ സൃഷ്ടിക്കപ്പെടുകയും ചെയ്തപ്പോൾ, എൻെറ രൂപം അങ്ങേക്ക് അജ്ഞാതമായിരുന്നില്ല

സങ്കീ 139:15

തൂലിക
ജീസസ്സ് യൂത്ത് ദുബായിയുടെ വാരാന്ത്യ വാർത്താ പത്രിക

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| വിലകൊടുക്കേണ്ട ജീവൻ | 4 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 6 |
| യുകാറ്റ് കോർണർ | 7 |
| ഹൃദിസ്ഥമാക്കാൻ ഒരു വചനം | 7 |
| നുറുങ്ങു ചിന്തകൾ | 8 |
| വാർത്തകൾ | 9 |
| അറിയിപ്പുകൾ | 10 |





http://thoolikaa.org

http://thoolikaa.net

**അവിടുന്നാണ് എൻെറ അന്തരംഗത്തിനു രൂപം നൽകിയത്;**
**എൻെറ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു.**
**ഞാൻ അങ്ങയെ സ്തുതിക്കുന്നു; എന്തെന്നാൽ, അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു; അവിടുത്തെ സൃഷ്ടികൾ അദ്ഭുതകരമാണ്. എനിക്കതു നന്നായി അറിയാം.**
**സങ്കീർത്തനങ്ങൾ 139:13,14**

## മൊഴിമുത്തുകൾ

സ്വാഭാവിക ജനനനിയന്ത്രണമെന്നത് പരസ്പര സ്നേഹത്തിൽ നിന്നുണ്ടാകുന്ന ആത്മനിയന്ത്രണമല്ലാതെ മറ്റൊന്നല്ല.

വാഴ്ത്തപ്പെട്ട മദർ തെരേസ (1910–1997)
നോബൽ സമ്മാനപ്രസംഗം 1979

# ജീവൻ ദൈവീക ദാനം

**"ഞാൻ വന്നിരിക്കുന്നത് അവർക്കു ജീവനുണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകാനുമാണ്".(യോഹ.10:10)**

മനുഷ്യ ജീവന് ഒരു വിലയും കല്പിക്കാത്ത കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. 'ന്യൂ ജനറേഷൻ' ദമ്പതിമാർക്ക്, മക്കൾക്ക് ജന്മം നൽകുവാനോ അവരെ വേണ്ടരീതിയിൽ പരിപാലിക്കുവാനോ തീരെ സമയമില്ല. അതിന് അവർക്കു പറയാൻ പല ന്യായീകരണങ്ങളുമുണ്ട്. ഇപ്പോൾ കുഞ്ഞിന് ജന്മം നൽകിയാൽ എന്റെ ജോലിമേഖലയെ പ്രതികൂലമായി ബാധിക്കും. അതുപോലെ, കൂടുതൽ മക്കളുണ്ടായാൽ സാമ്പത്തിക പ്രതിസന്ധിമൂലം കുഞ്ഞുങ്ങൾക്ക് നല്ല വിദ്യാഭ്യാസം കൊടുക്കുവാൻ സാധിക്കില്ല എന്നിങ്ങനെ അനവധി വിശദീകരണങ്ങൾ നിരത്തുവാനുണ്ട്. ഒന്ന് തിരിച്ചു ചിന്തിച്ചാൽ, നമ്മുടെ മാതാപിതാക്കൾ നമ്മെപ്പോലെ ആകുലാചിത്തരായിരുന്നുവെങ്കിൽ നമ്മിൽ പലരും ചിലപ്പോൾ ഈ ഭൂമിയിൽ ഉണ്ടാകുമായിരുന്നില്ല. പട്ടിണിയിലും ദാരിദ്ര്യത്തിലുമാണ് നമ്മെ വളർത്തിയതെങ്കിലും അവർ ദൈവത്തിൽ പൂർണമായി ആശ്രയിക്കുന്നവരായിരുന്നു. ഇപ്പോൾ ഉന്നത പദവിയിലിരിക്കുന്ന പലരും പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ചു മുന്നേറിയവരാണ്. ഒരുവശത്ത് അനേകം ദമ്പതികൾ ഒരു കുഞ്ഞിനായി വളരെക്കാലമായ് ആഗ്രഹിച്ചു കാത്തിരിക്കുന്നു. മറുവശത്ത് അനേകം മക്കൾ ദിവസംതോറും അബോർഷൻ മൂലം വധിക്കപ്പെടുന്നു. ഭീകര വാദത്തിന്റെ ഇരകളായി അനേകം ജീവിതങ്ങൾ നഷ്ടമാകുന്നു. ഈ കാലഘട്ടത്തിൽ ആത്മഹത്യാപ്രവണത കൂടിവരുന്നത് കാണുവാൻ സാധിക്കും, അതിൽ കൂടുതലും വളരെ നിസാരമായ പ്രശ്നങ്ങളുടെ പേരിലാണെന്നുള്ളതാണ് വാസ്തവം. അണുകുടുംബത്തിൽ വളരുന്ന അവർക്ക് ചെറിയ പ്രയാസങ്ങളെപ്പോലും അതിജീവിക്കുവാനുള്ള കരുത്തില്ലാതെ പോകുന്നു. കൂടുതൽ മക്കളുള്ള കുടുംബത്തിൽ വളരുന്ന മക്കൾക്ക് പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുവാനുള്ള കരുത്ത് അവർ അറിയാതെ തന്നെ അഭ്യസിക്കുന്നു.

ഒരു കഥകേട്ടത് ഇപ്രകാരമാണ്, ആനയും ഉറുമ്പും നല്ല കൂട്ടുകാരായിരുന്നു. ഒരിക്കൽ ഉറുമ്പ് ആനയുടെ പുറത്തിരുന്ന് നദിക്കു കുറുകേയുള്ള പാലത്തിലൂടെ സഞ്ചരിക്കുകയായിരുന്നു, പാലത്തിന്റെ മധ്യത്തിലെത്തിയപ്പോൾ ആന പാലം ഒന്നുകുലുക്കി. അതാ പാലം ഒടിഞ്ഞ് ആനയും ഉറുമ്പും നദിയിൽ! നല്ല ഒഴുക്കുണ്ടായിരുന്ന നദിയിലൂടെ ആന കഷ്ടപ്പെട്ട് നീന്തി കരയിൽ എത്തിച്ചേർന്നു. അപ്പോഴും ഉറുമ്പ് ഭദ്രമായി ആനപ്പുറത്ത് കടിച്ചിരിപ്പുണ്ടായിരുന്നു. അതിനു ശേഷം നാട്ടിൽ തിരിച്ചെത്തിയ ഉറുമ്പ് തന്റെ കൂട്ടുകാരോട് പൊങ്ങച്ചം പറയുകയാണ്, 'ഞാനും ആനയുംകൂടി പാലം തകർത്തു' !. ജീവിതമാകുന്ന പാലത്തിൽ പ്രതിസന്ധികളുടെ മധ്യത്തിൽ നട്ടം തിരിയുമ്പോൾ കഥയിലെ ഉറുമ്പിനെപ്പോലെ തമ്പുരാനോട് ചേർന്നിരുന്നാൽ പ്രതിസന്ധികളെ തരണം ചെയ്ത് നമ്മെ ലക്ഷ്യസ്ഥാനത്ത് എത്തിക്കും. പലപ്പോഴും നാം കഥയിലെ ആനയുടെ റോൾ ഏറ്റെടുക്കുന്നതാണ് പ്രതിസന്ധിക്കു കാരണം. ഓർക്കുക, നമുക്ക് ഈ ജീവിതത്തിൽ ഉറുമ്പിന്റെ റോൾ മാത്രമേയുള്ളൂ.

നമുക്ക് തീരുമാനമെടുക്കാം, ദൈവം ദാനമായി നൽകപ്പെടുന്ന ജീവനെ ഹനിക്കുന്ന ഒരു തിന്മയ്ക്കും കൂട്ടുനിൽക്കില്ലെന്ന്. നമ്മുടെ ഓരോ കുടുംബത്തിൽനിന്നും അനേകം വിശുദ്ധിയുള്ള മക്കൾ ജന്മമെടുക്കുവാൻ ആഗ്രഹിക്കാം, അതിനായി പ്രാർത്ഥിക്കാം. ഈശോ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**സ്നേഹപൂർവ്വം**
**ഷാബു ചുമ്മാർ**
(Mob. 055 4960319)

ലേഖനം

പ്രീതിചേച്ചി



# വില കൊടുക്കേണ്ട ജീവൻ

കർത്താവ് എന്നോട് അരുളിചെയ്തു, മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു (ജെറമിയ 1:5). ഓരോ വ്യക്തിയും അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പേ അറിയുന്നവൻ ദൈവം. മനുഷ്യനെക്കുറിച്ച് മുൻധാരണയുള്ള ഏക വ്യക്തി ദൈവമാണ്. അവൻ അല്ലെങ്കിൽ അവൾ ആരാകും എന്ന് വ്യക്തമായി ദൈവം അറിയുന്നു. ദൈവത്തിന്റെ പ്രവൃത്തികൾ അദൃശ്യമാണ്. മനുഷ്യർക്ക് ചിന്തിക്കാൻ കഴിയുന്നതിനും അപ്പുറമാണ്.

അബ്രഹാമിന് ഒരു കുഞ്ഞ് ജനിക്കും മുമ്പ് തന്നെ താൻ ഒരു വലിയ ജനത്തിന്റെ പിതാവാകും എന്ന് ദൈവം അവനോട് പറയുന്നു. അബ്രഹാം അതു വിശ്വസിക്കുന്നു. അതിനാൽതന്നെ അബ്രഹാമിനെ വിശ്വാസികളുടെയെല്ലാം പിതാവായി ഉയർത്തി. പിന്നീട് അബ്രഹാമിൽ നിന്ന് ഇസഹാക്കും, ഇസഹാക്കിൽ നിന്ന് ഏസാവും, യാക്കോബും ജനിക്കുന്നു. യാക്കോബിൽ നിന്ന് 12 പൂർവ്വപിതാക്കൻമാരും അവരുടെ വംശത്തിൽ നിന്ന് യേശുവും 12 അപ്പസ്തോലൻമാരും, കൈവയ്പിലൂടെ നമ്മളും ദൈവജനമാകുന്നു. ‘ **ഞാൻ വന്നത് അവർക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ് ’** (യോഹ 10:10 ). ജീവൻ രണ്ടുവിധമുണ്ട് ആത്മാവിലുള്ള ജീവനും ശരീരത്തിന്റെ ജീവനും.

വിവാഹത്തിലൂടെ സ്ത്രീയും, പുരുഷനും ദൈവാത്മാവിനാൽ ഏകശരീരമായിത്തീരുന്നു. പിന്നീട് അവർ രണ്ടല്ല ഒരു ശരീരമാണ്. ജീവനെ പുറപ്പെടുവിക്കുവാനുള്ള അധികാരം ദൈവം ദമ്പതിമാർക്കാണ് നല്കിയിരിക്കുന്നത്. അതിന് സമയമോ കാലമോ ഇല്ല. എങ്കിലും ചിലരെങ്കിലും സ്വന്തം ഇഷ്ടത്തിനനുസരിച്ച് മാറ്റി വെയ്ക്കപ്പെടുന്ന ഒന്നായി ഇത് മാറിയിരിക്കുന്നു. പല രീതിയിലുള്ള ചെയ്യാൻ പാടില്ലാത്ത മേഖലകളിലേക്ക് അവർ കടക്കുന്നു. അതിനാൽ പിന്നീട് സമൂഹത്തിൽ കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാരുടെ സംഖ്യ വർദ്ധിച്ചു വരുന്നു. മാത്രമല്ല പുരാതന കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ജീവനെ തടയുവാനുള്ള മാർഗ്ഗങ്ങൾ അനവധിയാണ്. അതിലൊന്ന് പ്രസവം നിറുത്തുന്ന രീതിയാണ്. ഇത് സഭ അനുവദിക്കാത്ത ഒന്നാണെന്ന് നമ്മുടെ വിശ്വാസികളിൽ പലർക്കും ഇന്നും അറിവില്ല. ഇത് മാരകപാപങ്ങളിൽപ്പെടുന്ന ഒന്നാണ്. അതിനാൽ ദൈവത്തിന്

ഇഷ്ടമുള്ള സമയത്ത് കുഞ്ഞുങ്ങളെ ജനിപ്പിക്കുവാൻ മനുഷ്യൻ വിമുഖനാകുമ്പോൾ, ദൈവം അവ നിൽ നിന്ന് മുഖം തിരിക്കുന്നു. ചില ദമ്പതിമാർക്ക് സമയത്തിന്റെ പൂർത്തിയിൽ അബ്രഹാമിന്റെയും സാറായുടേയും പോലെ കുഞ്ഞുങ്ങളെ നൽകുന്നതായും കാണാം. ജീവനെ വരവേൽക്കുവാൻ ഭാര്യ എപ്പോഴും തുറവി ഉള്ളവളായിരിക്കണം.

' നാം ഒന്ന് നമുക്ക് ഒന്ന് ' എന്ന് ചിന്ത ഉള്ളവർ, ആദിമ കാലഘട്ടത്തിലേക്ക് ഒന്ന് തിരിഞ്ഞ് നോക്കുന്നത് നല്ലതാണ്. നമ്മുടെ പൂർവ്വീകരിൽ പലരും 10ഉം, 12ഉം മക്കളുള്ള കുടുംബ ത്തിൽപ്പെട്ടവരാണ്. മുതിർന്നവരാണ് താഴെയുള്ള കുഞ്ഞുങ്ങളെ നോക്കുന്നത് പോലും. മുതിർന്ന വരെ കണ്ടാണ് കുഞ്ഞുങ്ങൾ പഠിക്കുന്നത്. കുഞ്ഞുങ്ങളുടെ എണ്ണം അനുസരിച്ചായിരുന്നു അന്ന് പേരും പെരുമയും അളന്നിരുന്നത്. ഒത്തിരി കുഞ്ഞുങ്ങൾ ഉണ്ടായിരുന്നത് കൊണ്ട് ദൈവം ഒത്തിരി സമ്പത്തും അവർക്ക് നൽകിയിരുന്നു. ഒരു ധ്യാനഗുരു പറഞ്ഞത് ഓർക്കുന്നു. അച്ചന്റെ അടുക്കൽ ഒരു ക്രിസ്ത്യാനി പരാതിയുമായി വന്നു. അയാളുടെ വീട്ടിൽ ഫലങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. ഉണ്ടാ കുന്നത് നന്നേ കുറവ്, തൊട്ടടുത്ത വീട്ടിലെ ചേട്ടന്റെ പറമ്പിൽ ഒത്തിരിയേറെ ഫലങ്ങൾ വിളയുന്നു. അതെന്താണെന്നറിയണം അയാൾക്ക്. അച്ചനവരുടെ വീട്ടിലെ അംഗങ്ങളുടെ കണക്കെടുത്തു. ഈ മനുഷ്യനും ഭാര്യയും രണ്ട് മക്കളും അടങ്ങുന്നതാണ് പരാതിക്കാരന്റെ കുടുംബം. എന്നാൽ അടുത്ത വീട്ടിലെ വ്യക്തി 9 പേരടങ്ങുന്ന കുടുംബത്തിന്റെ നാഥനും. അപ്പോൾ മനസ്സിലാക്കാമല്ലോ അയാളെ ദൈവം അനുഗ്രഹിച്ചതിന്റെ കാരണം. ഇങ്ങനെ അനുഗ്രഹിക്കപ്പെട്ട കുടുംബങ്ങളിൽ നിന്ന് വൈദീകരും സന്യസ്തരും എല്ലാം ജനിക്കുന്നു. പല വിശുദ്ധരും ഇത്തരം കുടുംബങ്ങളിൽ ജനിച്ചവരാണെന്ന് ചരിത്രം പഠിപ്പിക്കുന്നു.

ജീവനെ തടയുവാൻ മനുഷ്യാ നീ ആരാണ് ?. ഇന്ന് ഉള്ളതും നാളെ തീയിൽ എരിയപ്പെടു ന്നതുമായ വയലിലെ പുല്ലിനെ ഇത്ര മനോഹരമായി ദൈവം അലങ്കരിക്കുന്നുവെങ്കിൽ അതിനേ ക്കാൾ എത്ര മനോഹരമായാണ് ദൈവം മനുഷ്യ ജീവനെ അലങ്കരിക്കുന്നത്. ആ ബോധ്യത്തിലേക്ക് നാം എത്തിച്ചേരണം. നിന്റെ അമ്മ നിന്നെ വേണ്ട എന്ന് തീരുമാനിച്ചിരുന്നുവെങ്കിൽ നീ ഇന്ന് ഈ മനോഹരഭൂമി കാണുമായിരുന്നില്ല. ജീവനും മരണവും നിന്റെ കൈകളിലാണ് വച്ചിരിക്കുന്നത് ഏത് വേണമെന്ന് നീയാണ് തീരുമാനിക്കേണ്ടത്.

ഈ അടുത്ത നാളിൽ നടന്ന ഒരു സംഭവം ഞാനിവിടെ വിവരിക്കട്ടെ. ഒരു സ്ത്രീയുടെ 9 മാസമായപ്പോൾ ഒരു കുഞ്ഞും, 7-ാംമാസത്തിൽ അടുത്ത കുഞ്ഞും ഉദരത്തിൽ വച്ചു തന്നെ മരണ മടയുന്നു. ജനിക്കും മുമ്പേ മരണപ്പെടുമ്പോൾ ആ അമ്മയ്ക്കുണ്ടാകുന്ന വേദന ഒന്ന് ഓർത്തു നോക്കൂ. പല വിധ ചികിത്സകൾക്കുശേഷം വീണ്ടും അടുത്ത കുഞ്ഞിനെ ഗർഭം ധരിക്കുന്നു. 7-ാം മാസമായപ്പോൾ ഉദരത്തിൽവച്ച് തന്നെ കുഞ്ഞ് നീലനിറമായിക്കൊണ്ടിരിക്കുന്നതായി മനസ്സിലായി. ശ്വാസോച്ഛ്വാസം കുറഞ്ഞുവരുന്നു. ഡോക്ടർമാരും ബന്ധുക്കളും കുഞ്ഞിനെ കളയുവാൻ നിർബന്ധിക്കുന്നു. ശ്വാസോച്ഛ്വാസം ഉള്ള ഒരു കുഞ്ഞിനെ നശിപ്പിക്കുവാൻ ഒരിക്കലും ആ അമ്മ സമ്മതിക്കാതിരുന്നതിന്റെ പേരിൽ ആ കുഞ്ഞ് ഭൂമിയിൽ പിറക്കുന്നു. ഏതാനും നിമിഷങ്ങൾക്കു ള്ളിൽ മരിക്കുമെന്ന് പറഞ്ഞ കുഞ്ഞ് 3 മാസമായി ജീവിക്കുന്നു. ദൈവം തന്ന ജീവനെ ദൈവം തിരികെ എടുക്കുന്ന സമയം വരെ കാവലാളായി നിൽക്കുവാൻ ആ അമ്മയെപ്പോലെ നമുക്ക് എത്രപേർക്ക് കഴിയും?. സാഹചര്യത്തെ പഴിപറഞ്ഞിട്ട് കാര്യമില്ല. ജീവൻ ദൈവത്തിന്റെ ദാനമാണ്. നമ്മളും നമുക്കുണ്ടാകുന്ന മക്കളും ജീവന്റെ കാവലാളാകട്ടെ എന്ന് ആഗ്രഹിച്ച് പ്രാർത്ഥിക്കാം.

## ദൈവസ്നേഹത്തിന്റെ വാഹക

# വിശുദ്ധ ജിയാനാ ഫ്രാൻസിസ്ക്ക ബെറേറ്റാ



ഇറ്റലിയിലെ മഗെൻറ്റായിലാണ് വി. ജിയാനാ ഫ്രാൻസിസ്ക്ക ബെറേറ്റായുടെ ജനനം. 13 മക്കളുള്ള അവരുടെ കുടുംബത്തിലെ 10-ാമത്തെ കുട്ടിയായിരുന്നു ജിയാനാ. ജിയാനായ്ക്ക് 3 വയസ്സുള്ളപ്പോൾ അവരുടെ കുടുംബം ബെർഗാമോയിലേക്ക് പലായനം ചെയ്തു.

ഇറ്റലിയിലെ മിലനിൽ 1942ൽ ജിയാനാ തന്റെ വൈദ്യശാസ്ത്ര പഠനം ആരംഭിച്ചു. പഠനകാലങ്ങളിൽതന്നെ പാവപ്പെട്ട രോഗികളെ പരിചരിക്കുന്നതിൽ ജിയാനാ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. വൈദ്യശാസ്ത്ര പഠനത്തിനുശേഷം മെസറോയിൽ ചെറിയ ക്ലിനിക് തുടങ്ങി. മിഷണറി വൈദീകനായ തന്റെ സഹോദരന്റെ കൂടെ ബ്രസീലിൽ പാവപ്പെട്ട സ്ത്രീകൾക്കായി സേവനം ചെയ്യുവാൻ അതിയായി ആഗ്രഹിച്ചു. എന്നാൽ, വിശുദ്ധയുടെ അനാരോഗ്യം അതിനു സമ്മതിച്ചില്ല.

1955 ൽ ജിയാനാ കുടുംബജീവിതം ആരംഭിച്ചു. എഞ്ചിനീയറായ പിട്ട്റോമോളയെയാണ് വിവാഹം ചെയ്തത്. ഈ ദമ്പതികൾക്ക് 1956ൽ പിർലുഗിയും, 1957ൽ മരിയ സിറ്റായും 1959ൽ ലോറയും ജനിച്ചു. അതിനു ശേഷം രണ്ട് തവണ ഗർഭം ധരിച്ചുവെങ്കിലും ഗർഭസ്ഥശിശുക്കൾ ജിയാനായുടെ ഉദരത്തിൽ വച്ചു തന്നെ മരണപ്പെട്ടു. പിന്നീട് 1961ൽ ജിയാനാ വീണ്ടും ഗർഭം ധരിച്ചു. അതിന്റെ 2-ാം മാസം ജിയാനായുടെ ഗർഭപാത്രത്തിൽ ഒരു മുഴ രൂപപ്പെട്ടു. ഈ മുഴ ജിയാനായുടെ ജീവൻ നഷ്ടമാക്കും എന്ന് മനസ്സിലാക്കിയ ഡോക്ടർമാർ പരിശോധനകൾക്ക് ശേഷം വിശുദ്ധയ്ക്ക് മൂന്ന് വഴികൾ പറഞ്ഞുകൊടുത്തു.

ഒന്ന് : ഭ്രൂണഹത്യ, അതു വഴി ഗർഭസ്ഥ ശിശുവിന്റെ ജീവൻ നഷ്ടമാക്കുക.
രണ്ട് : ഗർഭപാത്രം പൂർണ്ണമായി നീക്കം ചെയ്യൽ.
മൂന്ന് : ഗർഭപാത്രത്തിൽ നിന്നും മുഴ മാത്രം നീക്കം ചെയ്യൽ.

തനിക്ക് എന്ത് സംഭവിച്ചാലും സാരമില്ല തന്റെ കുഞ്ഞിന്റെ ജീവന് ഒന്നും സംഭവിക്കരുത് എന്ന് ജിയാനാ ഡോക്ടർമാരോട് പറഞ്ഞു. കുഞ്ഞിനെ രക്ഷിക്കാൻ ശ്രമിച്ചാൽ അതു തന്റെ ജീവനെ ഹനിക്കുമെന്ന് വിശുദ്ധയ്ക്ക് അറിവുണ്ടായിരുന്നു, വളരെയേറെ ആരോഗ്യപരമായ ബുദ്ധിമുട്ടുകളിലൂടെ വിശുദ്ധയ്ക്ക് കടന്നുപോകേണ്ടിവന്നു. എന്നാലും തന്റെ ജീവൻ പോയാലും തന്റെ കുഞ്ഞിന്റെ ജീവൻ രക്ഷിക്കണമെന്നുള്ള തീരുമാനത്തിൽ ഉറച്ചുനിന്നു.

1962 ഏപ്രിൽ 21-ാം തീയതി ഒരു ദു:ഖവെള്ളിയാഴ്ച ദിവസം ജിയാനായെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശസ്ത്രക്രിയവഴി കുഞ്ഞിന് ജന്മം കൊടുത്തു. അതേ തുടർന്ന് കലശലായ വേദനയിലൂടെ വിശുദ്ധ കടന്നുപോയി. കുഞ്ഞിന് ജന്മം നല്കിയതിന്റെ ഏഴാം ദിവസം ജിയാനാ ഈ ലോകത്തോട് വിട പറഞ്ഞു. അമ്മയുടെ ഓർമ്മയ്ക്കായി കുഞ്ഞിന് ജിയാനാ ഇമ്മാനുവേൽ എന്ന പേര് നൽകി.

വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ 2004 മെയ്,16ന് ജിയാനായെ വിശുദ്ധരുടെ പദവിയിലേക്ക് ഉയർത്തി. ആ ചടങ്ങിൽ മാർപാപ്പ ജിയാനയെ വിശേഷപ്പെടുത്തിയത് ‘ **ദൈവസ്നേഹത്തിന്റെ വാഹക** ’ എന്നാണ്. ഭർത്താവായ പിട്ട്റോയും നാലാമത്തെ മകൾ ജിയാനയും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# നിങ്ങളുടെ സംശയം, സഭയുടെ ഉത്തരം

## ഗർഭനിരോധനത്തിനുള്ള എല്ലാ മാർഗ്ഗങ്ങളും ഒന്നുപോലെ നല്ലതല്ലാത്തത് എന്തുകൊണ്ട്? (യൂകാറ്റ് 421)

**ഗർഭധാരണം ബോധപൂർവ്വം നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങളായി സഭ ശുപാർശ ചെയ്യുന്നത് പരിഷ്കൃതരീതികളായ ആത്മനിരീക്ഷണവും സ്വാഭാവിക കുടുംബാസൂത്രണവും (N.F.P) ആണ്. അവ സ്ത്രീയുടേയും പുരുഷന്റെയും മഹത്വത്തിനു ചേർന്നവയാണ്, സ്ത്രൈണ ശരീരത്തിന്റെ ജന്മസിദ്ധമായ നിയമങ്ങളെ മാനിക്കുന്നു. പരസ്പര വാത്സല്യവും പരിഗണനയും അവ ആവശ്യപ്പെടുന്നുണ്ട്. തന്മൂലം അവ സ്നേഹത്തിന്റെ ഒരു വിദ്യാലയമാണ്. (2370–2372,2399)**

സഭ പ്രകൃതിയുടെ ക്രമത്തെ അത്യധികം ശ്രദ്ധിക്കുന്നു. അതിൽ അഗാധമായ ഒരർത്ഥം കണ്ടെത്തുകയും ചെയ്യുന്നു. അതുകൊണ്ട് ദമ്പതികൾ സ്ത്രീയുടെ ഫലപുഷ്ടിയുള്ളതും ഫല പുഷ്ടിയില്ലാത്തതുമായ ദിവസങ്ങളുടെ സ്വാഭാവിക മാറ്റം പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നത് നിസ്സംഗതയുടെ കാര്യമല്ലെന്നു സഭ കരുതുന്നു. സ്വാഭാവിക കുടുംബാസൂത്രണത്തെ സ്വാഭാവിക മെന്നു വിളിക്കുന്നത് ആകസ്മികമായിട്ടല്ല; അത് പരിസ്ഥിതിപരവും സമഗ്രവും സ്വസ്ഥാപരവും ആരോഗ്യകരവും പങ്കാളിത്തത്തിലുള്ള ഒരഭ്യസനവുമാണ്. നേരെമറിച്ച് ഗർഭനിരോധനത്തിനുള്ള എല്ലാ കൃത്രിമ മാർഗ്ഗങ്ങളെയും സഭ തള്ളിക്കളയുന്നു. രാസപരമായ രീതികൾ (ഗുളികകൾ), യാന്ത്രികരീതികൾ (ഉദാഹരണമായി കോണ്ടം, ഗർഭപാത്രത്തിൽ വെയ്ക്കുന്ന IUD), ശസ്ത്ര ക്രിയാരീതികൾ (വന്ധ്യംകരണം) മുതലായവയാണ്. കൃത്രിമമാർഗങ്ങൾ, അവ ലൈംഗീക വേഴ്ചയെ സൃഷ്ടിപരമായ അതിന്റെ കഴിവിൽ നിന്നു വേർതിരിക്കുകയും ഭാര്യാഭർത്താക്കൻമാരുടെ സമ്പൂർണമായ പരസ്പരദാനത്തെ തടയുകയും ചെയ്യുന്നതുകൊണ്ടാണ് സഭ അവയെ തള്ളിക്കളയുന്നത്. കൃത്രിമ മാർഗ്ഗങ്ങൾ സ്ത്രീയുടെ ആരോഗ്യത്തെ അപകടപ്പെടുത്തുകപോലും ചെയ്യും.(വളരെ നേരത്തെ നടക്കുന്ന പ്രസവം). കാലക്രമേണ അത് ദമ്പതികളുടെ സ്നേഹ ജീവിതത്തിന് നാശമുണ്ടാക്കും.

## വിശുദ്ധരുടെ ജീവിതങ്ങൾ. . . തുടർച്ച

**പ്രാർത്ഥന:**

യേശുവേ ഞാൻ എന്നെത്തന്നെ അങ്ങേയ്ക്ക് പൂർണ്ണമായി സമർപ്പിക്കുന്നു. അങ്ങയുടെ തിരുഹിതം നിറവേറ്റാൻ എന്നെ യോഗ്യയാക്കണമേ, എന്റെ ഏറ്റവും സ്നേഹമുള്ള ഈശോയെ, അളവില്ലാത്ത കരുണയുടെ ഉറവിടമേ, ആത്മാക്കളുടെ പിതാവേ, ദു:ഖിതരുടെ ആശ്രയമേ, ബലഹീനരായ ഞങ്ങളെ ആണി കളാൽ മുറിവേൽപ്പിക്കപ്പെട്ട അങ്ങയുടെ കൈകളിൽ പൊതിഞ്ഞുപരിപാലിക്കണമേ. പിതാവേ ഞാൻ അങ്ങ യുടെ പക്കലേയ്ക്ക് അണയുന്നു. അങ്ങയുടെ തിരുഹൃദയത്തിൽ നിന്നും ഒഴുകുന്ന അളവറ്റ സ്നേഹത്താലും നന്മയാലും എന്നെ പൊതിയണമേ. സദാ അങ്ങയുടെ പരിപാലനയിലായിരിക്കുവാനും, അവസാനം അങ്ങയുടെ നിത്യസ്നേഹത്തിൽ അലിഞ്ഞുചേരുവാനും എന്നെ യോഗ്യയാക്കണമേ.

## ഹൃദിസ്ഥമാക്കാൻ ഒരു വചനം

**‘ അതിനാൽ, നിങ്ങൾ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവയെല്ലാം ദൈവ മഹത്വത്തിനായി ചെയ്യുവിൻ ’**

1 കോറി. 10:31

നുറുങ്ങു ചിന്തകൾ

മെറിൻ തോമസ്



# ഈശോയോട് ഒരു ഹൃദയസംഭാഷണം

പതിവിനു വിപരീതമായി അന്ന് കുറേ നേരത്തേയാണ് ഞാൻ ദേവാലയത്തിലെത്തിയത്. ദിവ്യ ബലി തുടങ്ങുന്നതിനു മുൻപ് കുറച്ച് നേരം ശാന്തമായിരുന്ന് പ്രാർത്ഥിക്കാം എന്ന് വിചാരിച്ച് ദേവാലയത്തിനുള്ളിൽ പ്രവേശിച്ചു. ദേവാലയത്തിനുള്ളിൽ കുറച്ചു പേർ മാത്രം. എനിക്കു പരിചയമുള്ള ഒരു സ്ത്രീയും അവിടെയുണ്ടായിരുന്നു. ഞാൻ അവരുടെ അടുത്തു ചെന്നിരുന്നു. ആ നിശബ്ദതയിൽ കണ്ണുകളടച്ച് ശാന്തമായി പ്രാർത്ഥിക്കാൻ തുടങ്ങി.

പെട്ടെന്നാണ്, ആരോ ഉറക്കെ ആരെയോ വഴക്ക് പറയുന്ന ശബ്ദം കേട്ട് ഞാൻ മുന്നിലേക്ക് നോക്കിയത്. ഉടൻ തന്നെ എന്തോ പറഞ്ഞ് ചിരിക്കുന്നു, പിന്നെ പിണങ്ങിയെന്നോണം ഇരിക്കുന്നു. ഏകദേശം പത്തുപന്ത്രണ്ട് വയസ്സു പ്രായം തോന്നിക്കുന്ന ഒരു ബാലൻ, സംസാരവും, വഴക്കും, ചിരിയും, പിണക്കങ്ങളുമെല്ലാം നടത്തിയത് അൾത്താരയിലുള്ള ക്രൂശിതരൂപത്തെ നോക്കിയായിരുന്നു. ആശ്ചര്യത്തോടെ അവന്റെ ചേഷ്ടകൾ ഞാൻ നോക്കിയിരുന്നു. ഇതു കണ്ട് എന്റെയടുത്തിരുന്ന പരിചയക്കാരി ആ ബാലനെക്കുറിച്ച് എന്നോട് സംസാരിച്ചു, "അവൻ വന്നു പ്രാർത്ഥിക്കുന്നത് ഇങ്ങനെയാണ് മോളേ, അവന്റെ പ്രാർത്ഥന ഇവിടെ വരുന്ന മിക്കയാളുകൾക്കുമറിയാം. അവൻ ദൈവത്തെ തന്റെ അപ്പനെയും, അമ്മയെയും പോലെ തന്നെയാ കണ്ട് സംസാരിക്കുന്നേ, ഒരു പക്ഷെ അവരോടുള്ള സ്വാതന്ത്ര്യത്തെക്കാൾ ഉപരിയായി എന്ന് എനിക്ക് തോന്നുന്നു" എന്ന്.

അവന്റെ പ്രാർത്ഥനാശൈലിയും, പ്രാർത്ഥിച്ചിട്ട് ഇറങ്ങിപോയപ്പോൾ അവന്റെ മുഖത്ത് കണ്ട ചൈതന്യവും എന്നെ ഒരുപാട് സ്വാധീനിച്ചു. അതെ, ഈശോയോടുള്ള ബന്ധവും, സംഭാഷണവും ഓരോരുത്തർക്കും ഓരോ ശൈലിയാണ്. നമ്മിൽ വളരെയധികം ആളുകൾ ഇങ്ങനെ ആഴമായ സ്നേഹബന്ധം ഈശോയോട് കാത്തുസൂക്ഷിക്കുന്നവരാണ്. നിഷ്ക്കളങ്കമായ സ്നേഹത്തിലൂടെയും, സംഭാഷണങ്ങളിലൂടെയും നമുക്കും ഈശോയിൽ കൂടുതൽ വളരാം. ഈ ഒറ്റ സംഭവം എന്നെ ചിന്തിപ്പിച്ചതും, എന്റെയുള്ളിൽ തോന്നിപ്പിച്ചതുമായ കുറച്ച് ചോദ്യങ്ങളുണ്ട്. എനിക്ക് എന്റെ നല്ല തമ്പുരാനോട് ഇത്രത്തോളം സ്വാതന്ത്ര്യത്തോടെ സംഭാഷണം ചെയ്യാൻ സാധിക്കുന്നുണ്ടോ? ഏതുസ്ഥാനത്താണ് എന്റെ ദൈവത്തെ ഞാൻ നിർത്തിയിരിക്കുന്നത്, ശിശുക്കളെ പോലെയിരിക്കുന്നവർ സ്വർഗ്ഗരാജ്യം അവകാശമാക്കും എന്ന് പറഞ്ഞ, ജീവൻ തന്ന് നമ്മെ സ്നേഹിച്ച നല്ല ഈശോയോടുള്ള ആഴമായ ബന്ധത്തിൽ വളരുവാൻ നമ്മുടെ നിഷ്ക്കളങ്കമായ പ്രാർത്ഥനകൾ ഒരു മാർഗ്ഗമാവട്ടെ.

## പ്രധാനമന്ത്രിയുടെ മൗനത്തിനെതിരെ ക്രൈസ്തവ നേതാക്കൾ രംഗത്ത്

ക്രിസ്ത്യൻ ദേവാലയങ്ങൾക്കു നേരെ നിരന്തരം ആക്രമണങ്ങൾ നടന്നിട്ടും പ്രധാനമന്ത്രി മൗനം പാലിക്കുന്നതിനെതിരെ വിവിധ ക്രിസ്ത്യൻ സംഘടനകളുടെ നേതാക്കൾ പ്രതിഷേധവുമായി രംഗത്ത്. ' ഡൽഹിയിൽ ദേവാലയങ്ങൾക്കു നേരെ ഉണ്ടാകുന്ന ആക്രമണങ്ങൾ ഒറ്റപ്പെട്ടതായി വിലയിരുത്താൻ കഴിയില്ല. രണ്ട് മാസത്തിനിടയിൽ നാലാമത്തെ ആക്രമണമാണ് നടന്നത്' .ഡൽഹി അതിരൂപതാ വക്താവ് ഫാ. സവാരിമുത്തു ശങ്കർ പറയുന്നു. നരേന്ദ്ര മോദി പ്രധാനമന്ത്രി ആയതിനു ശേഷമാണ് അതിക്രമങ്ങൾ എല്ലാം ഉണ്ടായിരിക്കുന്നത്. ബി.ജെ.പി.യുടെ തെരഞ്ഞെടുപ്പ് വിജയം വർഗീയ സംഘടനകൾക്ക് കരുത്തു പകർന്നിരിക്കുകയാണ്. ന്യൂനപക്ഷങ്ങൾക്ക് എതിരെ ഇതിന് സമാനമായ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടും പ്രധാനമന്ത്രി ആ വിഷയങ്ങളിൽ പൂർണ നിശബ്ദത പാലിക്കുകയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ആക്രമണങ്ങൾക്ക് എതിരെ പ്രസ്താവന പുറപ്പെടുവിക്കണം എന്ന ആവശ്യവുമായി ബിഷപ്പുമാരുടെ നേതൃത്വത്തിലുള്ള എക്യുമെനിക്കൽ സംഘം പ്രധാനമന്ത്രിയെ സന്ദർശിച്ചെങ്കിലും അദ്ദേഹം ആവശ്യം നിരാകരിക്കുകയായിരുന്നു. വികസന അജണ്ടയെ മറയ്ക്കുന്നതിന് മാധ്യമങ്ങൾ സൃഷ്ടിക്കുന്ന പുകമറയാണ് ഇതെന്നായിരുന്നു പ്രധാനമന്ത്രിയുടെ മറുപടി; ഫാ. സവാരിമുത്തു ശങ്കർ പറഞ്ഞു.

വർഗീയധ്രുവീകരണം സൃഷ്ടിക്കുന്നതിനുള്ള രാഷ്ട്രീയ തീരുമാനത്തിന്റെ ഫലമാണ് ആവർത്തിക്കപ്പെടുന്ന ദേവാലയ ആക്രമണങ്ങളെന്ന് ദേശീയ ഇന്റഗ്രേഷൻ കൗൺസിൽ അംഗം ശ്രീ ജോൺ ദയാൽ സൂചിപ്പിച്ചു. പ്രധാനമന്ത്രി ഈ വിഷയത്തിൽ സ്വീകരിക്കുന്ന നിലപാടിനെ അദ്ദേഹം ചോദ്യം ചെയ്തു. ന്യൂനപക്ഷമായ ക്രിസ്ത്യാനികൾക്ക് സംരക്ഷണം നൽകേണ്ടത് പ്രധാനമന്ത്രിയുടെ ഉത്തരവാദിത്വമാണ്. തീവ്രഹിന്ദുത്വവാദം പ്രചരിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആദ്യം അവസാനിപ്പിക്കേണ്ടത്. അക്രമങ്ങളെ പ്രധാനമന്ത്രി അപലപിക്കാത്തിടത്തോളം കാലം ഇത് അവസാനിക്കുമെന്ന് കരുതുന്നില്ലെന്നും ശ്രീ ജോൺ ദയാൽ പറഞ്ഞു. ഈ സംഭവങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളും ക്രിസ്തീയ വിശ്വാസികളുടെ ഇടയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്; ചർച്ചസ് ദേശീയ കൗൺസിൽ സെക്രട്ടറി ശ്രീ സാമുവേൽ ജയകുമാർ പറയുന്നു.

## കറ കഴുകി കളയുന്നതുപോലെ യാന്ത്രികമായ പ്രക്രിയ അല്ല കുമ്പസാരമെന്നും ദൈവത്തിന്റെ ആനന്ദകരമായ ആശ്ലേഷമാണ് കുമ്പസാരത്തിലൂടെ ലഭ്യമാവുന്നതെന്നും ഫ്രാൻസീസ് മാർപാപ്പ.

അനുതാപമുള്ള ഹൃദയത്തിലെ എല്ലാ പാപങ്ങളും ദൈവം ക്ഷമിക്കും. ദൈവം ക്ഷമിക്കാത്തതായി ഒരു പാപവുമില്ല. അവിടുന്ന് എല്ലാം ക്ഷമിക്കുന്നു. അനുതാപത്തോടെ കുമ്പസാരത്തിന് അണയുന്നവരുടെ എല്ലാ പാപങ്ങളും ദൈവം ക്ഷമിക്കുന്നു. അവിടുത്തേക്ക് ക്ഷമിക്കുന്നതിൽ മടുപ്പ് തോന്നുന്നില്ല. ക്ഷമ ചോദിക്കുന്നതിൽ നമുക്ക് മടുപ്പ് തോന്നിയേക്കാം. എന്നാൽ, തരുന്നതിൽ അവിടുന്ന് ഒരിക്കലും മടുക്കുന്നില്ല. എത്ര തവണ ക്ഷമിക്കണമെന്ന് ചോദിച്ച പത്രോസിനോട് ഏഴല്ല ഏഴ് എഴുപതു തവണ അഥവാ എല്ലായ്പ്പോഴും ക്ഷമിക്കണം എന്ന ഗുരുവചനം മാർപാപ്പ ഓർമ്മിപ്പിച്ചു. ജീവിതം മുഴുവൻ ഗൗരവമുള്ള കുറ്റകൃത്യങ്ങൾ ചെയ്ത് ജീവിച്ച ഒരു വ്യക്തി അനുതാപത്തോടെ ക്ഷമ യാചിച്ചാൽ ദൈവം ക്ഷമിക്കും.നമ്മൾ ക്ഷമ യാചിച്ച ഉടനെ തന്നെ മാപ്പു ലഭിച്ചതിന്റെ ആനന്ദം നമുക്ക് അനുഭവവേദ്യമാകും. കുമ്പസാരം തീരുന്നതിനുമുമ്പ് പോലും; മാർപാപ്പ വിവരിച്ചു. അനുതപിക്കുമ്പോൾ ദൈവം ആനന്ദിക്കുന്നു. അവിടുന്ന് തന്റെ ഓർമ്മയിൽ നിന്ന് നമ്മുടെ പാപങ്ങൾ മായിച്ചു കളയുന്നു. നാം ദൈവത്തെ കണ്ടുമുട്ടണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. കുമ്പസാരം ദൈവവുമായി കണ്ടുമുട്ടുന്നതിനുള്ള സ്ഥലമാണ്, അത് വിധി പ്രസ്താവിക്കുന്ന ഇടമല്ല; മാർപാപ്പ വ്യക്തമാക്കി.

## വിഭൂതി തിരുന്നാൾ

വിഭൂതി തിരുന്നാൾ (കരിക്കുറി തിരുന്നാൾ) 2015 ഫെബ്രുവരി 16 തിങ്കളാഴ്ച്ച ആചരിക്കുന്നു വൈകീട്ട് 8 ന് മലയാളത്തിലുള്ള ദിവ്യബലി ഉണ്ടായിരിക്കുന്നതാണ്.

## വേർപാടിന്റെ ഒന്നാം വർഷം



ഒത്തിരിയേറെ നന്മകളും ഓർമ്മകളും
ഈ ലോകത്തിനു സമ്മാനിച്ച് അകാലത്തിൽ
ഞങ്ങളെ വേർപിരിഞ്ഞുപോയ
പ്രിയ സുഹൃത്ത് ജോജിയുടെ
ഓർമ്മകൾക്കു മുമ്പിൽ
പ്രാർത്ഥനകളോടെ...

## പ്രൊലൈഫ് എക്സിബിഷൻ

ജീസസ്സ് യൂത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 13നു വെള്ളിയാഴ്ച്ച പ്രൊലൈഫ് എക്സിബിഷൻ സംഘടിപ്പിക്കുന്നു. എല്ലാ ജീസസ്സ് യൂത്ത് അംഗങ്ങൾ സംബന്ധിക്കുകയും എല്ലാവരിലേക്കും ഇതിനെക്കുറിച്ച് അറിയിക്കുകയും ചെയ്യുമല്ലോ ?

## ആശംസകൾ

ജന്മദിനമാഘോഷിക്കുന്ന ജോസ് വി. ജോസഫ് (ഫെബ്രുവരി 13), ക്രിസ്റ്റോ ജെയിംസ് റ്റി., ആൽബി ഫ്രാൻസീസ് (15), വിവേക് റ്റി. ജോർജ്ജ്, ജിഫിൻ റ്റി. ജെയിംസ് (16), ജിജി ജോയ്, ഷിബിൻ അഗസ്റ്റിൻ, റോയ് കെ. അഗസ്റ്റിൻ (17), ക്ലിന്റോ അലോഷ്യസ്, വിനോദ് പീറ്റർ, ഷിബു മാത്യു, മനു മാത്യു എന്നിവർക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേയ്ക്ക് (***thoolikaa@gmail.com***) അയച്ചുതരുമല്ലോ.?

English Mass Timings
**St. Mary's Church, Dubai**

**Friday**: 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday**: 6:00 am, 6:45 am, 9:00 am, 12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday**: 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu)**: 6:00 am, 6:45 am, 12 noon & 7:00 pm

## ജീസസ്സ് യൂത്ത് – ദുബൈ

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) – രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6–ൽ).
- **മധ്യസ്ഥപ്രാർത്ഥന**: എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4–ൽ).
- **നൈറ്റ് വിജിൽ** – മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** – മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- **JY English**: 7:00 മുതൽ 9:00 (Saturdays)

# ജീസസ്സ് യൂത്ത് ഫാമിലി

- **J.Y. ഹോം. റാഷിദിയ**
  ഡാൽട്ടൺ & സ്മിന 055 4523032
- **അൽ നാഹ്ദ സോണൽ**
  സെബാസ്റ്റ്യൻ & ലിജിയ 050–3986934

## ദിവ്യബലി സമയം – മലയാളം

സെന്റ് മേരീസ് ദേവാലയം – ദുബൈ

- എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്
- ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്
- നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്
- **മലങ്കര റീത്തിൽ**: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം


- **ഉപവാസ പ്രാർത്ഥന** – ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** – വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** – എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4 –ൽ)

## സോണൽ കൂട്ടായ്മകൾ

- **കരാമ** – ജോർജ്ജ് (050–8872480)
- **ബർദുബായ്** – ബോബൻ (055–2179148)
- **ലുലു വില്ലേജ്** – അരുൺ (052–7308025)
- **അൽ നാഹ്ദ** – ഷെറിൻ (052–7509024)
- **ഖിസൈസ്** – ടോളി ആന്റണി (055 5507213)
- **സോനാപൂർ** – പ്രവീൺ (052–9504930)
- **അൽഖൂസ്** – ജോസ് (055–7412601)
- **മുത്തീന** –ബിനോജ് ജോസഫ് (050–2538130)
- **അൽ ബറാഹ** –ടോജോ (055–8585125)
- **സത്വാ** –നിതിൻ (050–4508766)
- **ഹോർഅൽആൻസ്** –വിൻസൺ(055–4250709)
- **ഇന്റർനാഷണൽ സിറ്റി** – ഷിബിൻ (055–4673383)
- **സിലികോൺ ഒയാസീസ്** –ജോമി (052–9783044)

***for private circulation (within the church compound) only***

***Thoolika*** *- Weekly newsletter of Dubai Jesus Youth.*
***Published by****: (Mathew Eappan) for Literature & Media Ministry of Jesus Youth, Dubai*
***Patron****: Rev. Fr. Seraphin OFM Cap.* ***Animator****:Sebastian Dicrus*
***Editor****: Shabu Chummar (055-4960319)* ***Cover****: Anish Mathew*
***E-mail****: thoolikaa@gmail.com* ***Web:*** http://thoolikaa.org & http://thoolikaa.net


If you know a woman
who was pregnant, who
had 8 kids already, three
who were deaf, two who
were blind, one mentally
handicaped, and she
had syphilis, would you
recommend that she
have an abortion?
If you said YES, You
just killed Beethoven.
Jesus Youth
DUBAI
FOR PRIVATE CIRCULATION (WITHIN THE CHURCH COMPOUND ONLY)